ആർ1 4375/11

നഗരസഭാകാര്യാലയം
ചാലക്കുടി,19/05/2014

## ചാലക്കുടി നഗരസഭ
## വസ്തു നികുതി പുനർ നിർണ്ണയം സംബന്ധിച്ച
## അന്തിമ വിജ്ഞാപനം

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 233–ാം വകുപ്പ് (2) ഉം (5) ഉം ഉപവകുപ്പുകൾ പ്രകാരം കേരള സർക്കാർ മുനിസിപ്പൽ കൗൺസിലുകൾ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് 1 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതിയുടെ കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ 14.1.2011 ലെ സ.ഉ.(അ) നമ്പർ 17/2011 തസ്വഭവ, നമ്പർ വിജ്ഞാപനത്തിന്റെയും 15.3.2013 ലെ സഉ(അ)100/2013 തസ്വഭവ നമ്പർ വിജ്ഞാപനത്തിന്റെയും അടിസ്ഥാനത്തിൽ ചാലക്കുടി നഗരസഭാ കൗൺസിലിന്റെ 30.9.2013 തീയ്യതിയിലെ 2–ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം പുനർ നിർണ്ണയിച്ച് 19.10.2013 തീയ്യതി കരട് വിജ്ഞാപനം നടത്തുകയും ആയതിന് മേൽ പരാതികളൊന്നും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നഗരസഭ കൗൺസിലിന്റെ 12.12.2013 തീയ്യതിയിലെ 2–ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ചാലക്കുടി നഗരസഭയിലെ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ, മേഖലാ വിഭജനവും അന്തിമമായി നിശ്ചയിച്ച് ചുവടെ കൊടുത്തിട്ടുള്ള പ്രകാരമാണെന്ന വിവരം തെര്യപ്പെടുത്തി കൊള്ളുന്നു.

പട്ടിക: 1 ച.മീ.വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാ വസ്തു നികുതി നിരക്കുകൾ താഴെ പറയും പ്രകാരമായിരിക്കും.

| കെട്ടിടങ്ങളുടെയുംഉപവിഭാഗങ്ങളുടെയും വിവരണം | നികുതി നിരക്ക്(Rs) |
|---|---|
| 1. പാർപ്പിട ആവശ്യത്തിനുള്ളവ | |
| i 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ളവ | **8** |
| ii 100 ച.മീറ്റർ മുതൽ 150 ച.മീ.വരെ വിസ്തീർണ്ണമുള്ളവ | **10** |
| iii 150ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവ | **14** |
| iv മോട്ടോർ ഷെഡ്( സ്വന്തം/കൃഷി ആവശ്യത്തിന്) | **10** |
| 2. വാണിജ്യ ആവശ്യത്തിനുള്ളവ | |
| i 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റാറന്റുകൾ,ഷോപ്പുകൾ, ഗോഡൗൺ | **70** |
| ii 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റാറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | **90** |
| iii 200ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ ഷോപ്പിംഗ് മാളുകൾ | **70** |
| iv 200 ച. മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ ഷോപ്പിംഗ് മാളുകൾ | **140** |
| v ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്ററുകൾ | |

| | |
|---|---|
| ഫ്യൂവൽ സ്റ്റേഷനുകൾ | 70 |
| 3. <u>ആഫീസു ആവശ്യത്തിനുള്ളവ</u> (വ്യവസായശാലകളോടനുബന്ധിച്ചുള്ള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | 60 |
| 4. വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 13 |
| 5. ആശുപത്രികൾ " | 12 |
| 6. അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമാതീയ്യറ്റർ,കല്ല്യാണമണ്ഡപം, ലോഡ്ജ് | 50 |
| 7. <u>വ്യവസായ ആവശ്യത്തിനുള്ളവ</u> | |
| i കൈത്തറി ഷെഡ്,കയർപിരി ഷെഡ്,കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, കോഴി വളർത്തൽഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്,കരകൗശല നിർമ്മാണ ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ്, പീലിംഗ് ഷെഡ്,കൈതൊഴിൽ ഷെഡ് ഇഷ്ടികചൂള, തടിമിൽ, മോട്ടോർ ഷെഡ് | 25 |
| ii ഇതരവ്യവസായാവശ്യത്തിനുള്ളവ | 70 |
| 8. റിസോർട്ടുകൾ | 90 |
| 9.അമ്യൂസ്മെന്റ് പാർക്ക് | 50 |
| 10. മൊബൈൽ ടെലിഫോൺ ടവർ | 500 |

മേൽ പ്രകാരമുള്ള അടിസ്ഥാന വസ്തു നികുതി പുനർനിർണ്ണയ നിരക്ക് ബഹു.സർക്കാരിന്റെ 2.12.2013 ലെ സഉ(എംഎസ്) നം. 311/13 തസ്വഭവ നമ്പർ ഉത്തരവു പ്രകാരം പുതിയ നികുതി ദായകർക്ക് 14.01.2011 മുതലും നിലവിലുള്ള നികുതി ദായകർക്ക് 01.04.2013 തീയ്യതി മുതൽക്കും പ്രാബല്യമുണ്ടായിരിക്കുന്നതാണ്. നഗരസഭയിലെ 36 വാർഡുകളെ 3 മേഖലകളായി തിരിച്ചിട്ടുള്ളതിൽ പ്രഥമ, ദ്വിതീയ, തൃതീയ എന്നീ മേഖലകളാണ്. ആയത് സംബന്ധിച്ച വിവരങ്ങൾ 7 ൽ 3–ാം ഉപചട്ടപ്രകാരം പൊതു ജനങ്ങളുടെ അറിവിലേക്കായി നോട്ടീസ് ബോർഡിലും www.chalakudymunicipality.in എന്ന നഗരസഭ വെബ്സൈറ്റിലും പരസ്യപ്പെടുത്തിയിട്ടുള്ളതാണ്. ടി നിരക്കുകൾ 14.1.2011 മുതൽ 5 വർഷക്കാലയളവിലേക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

നഗരസഭസെക്രട്ടറി